കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്
2015-16

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി.പി4/2304/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
വെബ് -www.lfa.kerala.gov.in
ഫോൺ - 0495 2371012
തീയതി. 12-01-2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി.പി4/2304/2016 തീയതി:12-01-2017.

<u>കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ</u>

<u>2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. കെ. കെ. സതീഷ് കുമാർ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 30.11.2016 മുതൽ 14.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ .ജയകുമാർ പാലോളി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ഷൈജു .സി | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീ. കെ. സദാനന്ദൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | | | ശ്രീമതി. ആയിഷ കെ. കെ | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | | ശ്രീ. ജേക്കബ് ജോർജ് | 01.04.2015 മുതൽ 24.07.2015 വരെ |
| | | | ശ്രീ. അനീഷ് അരവിന്ദ് | 25.07.2015മുതൽ31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ഷാജി .എം. സ്റ്റീഫൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.ഇ. വി. ആനന്ദൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശിവപ്രസാദൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഡീന ആൻറണി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ കുഞ്ഞമ്മദ് വി.പി | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ദിലീപ് കുമാർ. പി | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ക്ലാര | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.കെ. സി.സൗദ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. | ശ്രീ. വിനോദ് .ആർ.എം | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1.പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതു വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം -2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | കെട്ടിടനിർമ്മാണം - ക്രമവൽകരണം- അപാകതകൾ | 2-2 |

| | | |
|---|---|---|
| 13 | തൊഴിൽനികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | 2-3 |
| 14 | ഡി & ഒ ലൈസൻസ്- മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടില്ല. | 2-4 |
| 15 | ക്വാറി - നിലവിലെ സ്ഥിതി ഫയലിൽ ലഭ്യമല്ല. | 2-5 |
| | ഭാഗം - 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച | 3-1 |
| 17 | ചെറുകിട വ്യവസായ മേഖലയിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്തില്ല | 3-2 |
| 18 | ഭവനനിർമ്മാണം -ഗുണഭോക്തൃതെരഞ്ഞെടുപ്പ് അപാകതകൾ | 3-3 |
| 19 | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഉപയോഗിച്ച് പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നു | 3-4 |
| 20 | റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട് | 3-5 |
| 21 | അടിയന്തിര മരാമത്ത് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല | 3-6 |
| 22 | റോഡുകൾ കോൺക്രീറ്റ് ചെയ്തത് -കോൺക്രീറ്റിന് അനാവശ്യമായ കനം നൽകി. | 3-7 |
| 23 | റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചത്- ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല | 3-8 |
| 24 | പുല്ലാഞ്ഞിക്കാവ് മുക്ക് അരീക്കൽ ചാൽ റോഡ്- അധിക തുക നല്കി | 3-9 |
| 25 | ജൈവ പച്ചക്കറി വികസനം -വളം,വിത്ത് വിതരണം അപാകതകൾ | 3-10 |
| 26 | ജീവനക്കാർ യാത്രാഡയറി സമർപ്പിക്കുന്നില്ല | 3-11 |
| 27 | ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി പ്രകാരം ഭവനിർമ്മാണത്തിന് ധനസഹായം നൽകിയവർ നാളിതുവരെയായും ഭവനനിർമ്മാണം പൂർത്തിയായില്ല. | 3-12 |
| 28 | മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ് | 3-13 |
| | ഭാഗം. 4<br>പൊതു വിവരങ്ങളും ഒഡിറ്റ് പ്രത്യവലോകനവും | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 19.03.2015 ലെ 30/2015 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 04.03.2016 തിയതിയിലെ 60/2016 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 20.07.2016 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 09.12.2016 | അനുബന്ധം കാണുക |

### 1-4 സാമ്പത്തിക വിശകലനം(റസീറ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,17,82540 |
| വരവ് | 4,47,22160 |
| ആകെ | 7,65,04700 |
| ചെലവ് | 5,94,27535 |
| നീക്കിയിരിപ്പ് | 1,70,77165 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4576449 | 2293856 | 14359951 | 14359951 | ഇല്ല | 100 | (-) 7489646 |
| വികസനഫണ്ട് എസ്.സി.പി. | 3425442 | 4122000 | 7547442 | 5422371 | ഇല്ല | 100 | (-)2125071 |
| വികസനഫണ്ട് ടി.എസ്.പി. | 167256 | 130000 | 297256 | 148000 | ഇല്ല | 100 | (-)149256 |
| സംരക്ഷണഗ്രാന്റ് റോഡ് | 1667077 | 4115202 | 5782279 | 5782279 | ഇല്ല | 100 | |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1084364 | 3081127 | 4165491 | 4165491 | ഇല്ല | 100 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2523838 | 8868027 | 11391865 | 7405146 | ഇല്ല | 100 | (-)3986719 |
| പെർഫോമൻസ് ഗ്രാന്റ് | 3936189 | 1208662 | 5144851 | 3916251 | ഇല്ല | 100 | (-)1228600 |
| എം.എൻ.ആർ.ഇ.ജി.എസ്. | 52104 | 25107533 | 25159637 | 25144286 | 15351 | 99 | |
| ബി ഫണ്ട് | 0 | 33285903 | 33285903 | 33285903 | ഇല്ല | 100 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 81514599 | 149 | 48040323 | 13 | 29 | 78 |

മേഖല തിരിച്ച് വിവരം താഴെ ചേർക്കുന്നു

| മേഖല | ജനറൽ പ്രൊജക്ടുകൾ | | പട്ടികജാതി | | പട്ടിക വർഗ്ഗം | | ആകെ | നടപ്പാക്കിയവ |
|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | | |
| ഉൽപാദനം | 9 | 6 | 1 | 1 | 1 | 1 | 11 | 8 |
| സേവനം | 64 | 43 | 12 | 7 | 5 | 3 | 81 | 53 |
| പശ്ചാത്തലം | 95 | 86 | 4 | 2 | 0 | 0 | 99 | 88 |
| | 168 | 135 | 17 | 10 | 6 | 4 | 191 | 149 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.62 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3814762 | 4466121 | (+)651359 |
| നികുതിയേതര വരവുകൾ | 2204776 | 533637 | (-)1671139 |
| മറ്റുവരവുകൾ | 286022 | 204261 | (-)81761 |
| ആകെ | 6305560 | 5204019 | (-)1101541 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 594720 | 333 |
| കർഷകതൊഴിലാളി പെൻഷൻ | 9064200 | 1132 |
| വിധവാപെൻഷൻ | 9744800 | 1015 |
| വാർദ്ധക്യകാലപെൻഷൻ | 9486000 | 1189 |
| വികലാംഗപെൻഷൻ | 3585600 | 335 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 226400 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 300000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,510/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.05.2016 | 03/16, 04/16 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2014 | 2007 മുതൽ 2012 വരെ | LBA(HQ)VI/8A-2075/14 Dt.11.03.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1) പലവക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി മൂല്യനിർണ്ണയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ വാറ്റ്, ഐടി, ക്ഷേമനിധി വിഹിതം എന്നിവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

4) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവിനത്തിൽ റോഡ്, നോൺ റോഡ് ഇനങ്ങളിൽ യഥാക്രമം 5791491/-, 4156279/- ആണെങ്കിലും ഫണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം 5782279/- , 4165491/- എന്നിങ്ങനെയാണ് ചേർത്തിരിക്കുന്നത്.

അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണം - ക്രമവൽകരണം- അപാകതകൾ

ഓഡിറ്റ് വർഷം കെട്ടിട നിർമാണ പെർമിറ്റിനുവേണ്ടി 546 അപേക്ഷകളാണ് ലഭിച്ചത്. എന്നാൽ ഇതേവർഷം കെട്ടിട നിർമാണം ക്രമവൽകരിക്കുന്നതിനുവേണ്ടി 112 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. മുൻകൂട്ടി അനുമതി വാങ്ങാതെ ഇത്രയും

കെട്ടിടങ്ങളുടെ നിർമാണം നടക്കുന്ന വിവരം ഫീൽഡ് സ്റ്റാഫ് ഒരിക്കൽപോലും റിപ്പോർട്ട് ചെയ്യുകയുണ്ടായില്ല. 300 m2 ൽ കൂടുതലുള്ള കെട്ടിടങ്ങൾ പോലും ഇങ്ങനെ ക്രമവൽകരിച്ചുനൽകിയതായി കാണുന്നു.

ഉദാ: Sl No: 305 ആസ്യ, കെ എം ഹൗസ്, പാലേരി. 343.08 M2

നിർമാണം പൂർത്തീകരിച്ചാണ് ക്രമവൽകരണത്തിന് അപേക്ഷ ലഭിക്കുന്നതെന്നതിനാൽ നിർമാണത്തിൽ കെട്ടിട നിർമാണ ചട്ടങ്ങളുടെ ലംഘനമുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കാനോ കെട്ടിടം പൊളിച്ചുമാറ്റാനോ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുന്നതാണ്. അനധികൃത കെട്ടിട നിർമാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്നുറപ്പുവരുത്തേണ്ടതാണ്.

## 2-3 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)തൊഴിൽ നികുതി- അംഗവൈകല്യമുള്ളവർ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബധിരർ, മൂകർ, വികലാംഗർ എന്നിവരെ ഒഴിവാക്കുന്നതിനുവേണ്ടി , 27.03.1990 ലെ GO(Rt) 1366/90/ തസ്വഭവ നമ്പർ ഉത്തരവുപ്രകാരം സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽനിന്നും 40 ശതമാനമോ അതിൽകൂടുതലോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം വേണം.

എന്നാൽ 2015-16 ലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ , തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട അംഗവൈകല്യമുള്ളവർ സാക്ഷ്യപത്രം ഹാജരാക്കുകയോ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

2) തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല.

കെട്ടിടനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം 87 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം , സെക്രട്ടറി നോട്ടീസുമൂലം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ വരുമാനം ഉൾപ്പെടെയുള്ള വിവരങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതാണ്. ഇത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് സ്ഥാപനം നോട്ടീസ് നൽകിയതായി കാണുന്നില്ല.

അപാകത പരിഹരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-4 ഡി & ഓ ലൈസൻസ്- മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടില്ല.

2015-16 വർഷത്തെ ഡി & ഓ ലൈസൻസ് ഫയലുകളും രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്നവരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയതായി കാണുന്നില്ല.

| രജിസ്റ്റർ പ്രകാരം സീരിയൽ നമ്പർ | പേരും വിലാസവും | സ്ഥാപനം / എച്ച്.പി | ഈടാക്കേണ്ട തുക |
|---|---|---|---|
| 184 | ശ്രീ കരുണാകരൻ, നീലേച്ചുകുന്നമ്മൽ, വടയം | പെയിന്റിംഗ്സ്<br>1/2 HP | 10 |
| 269 | ശ്രീ കാസിം ഇ പി, താഴെ എള്ളുപറമ്പിൽ, ആവടുക്ക | റജ ഓയിൽ & ഫ്ലോർ മിൽ കടിയങ്ങാട്<br>15 HP | 200 |
| 287 | ശ്രീ.എം.എ ജോസഫ്, മുറിക്കൊമ്പിക്കുന്നേൽ, പാലേരി ടൗൺ | ദീപ്തി ഇൻഡസ്ട്രിയൽ, പാലേരി<br>2HP | 50 |
| | | ആകെ | 260 |

മേൽ തുക ഈടാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-5 ക്വാറി - നിലവിലെ സ്ഥിതി ഫയലിൽ ലഭ്യമല്ല.

ചങ്ങരോത്ത് വില്ലേജിൽ റീസ 2/1D3B യിൽപ്പെട്ട 24 സെന്റ് സ്ഥലത്ത്, ശ്രീ രാജൻ പി S/o കൃഷ്ണൻ , പുതിയോട്ടിൽ, കടിയങ്ങാട് എന്നവരുടെ ഉടമസ്ഥതയിലുള്ള കരിങ്കൽ ക്വാറിക്കുള്ള ലൈസൻസ് അനുവദിച്ച ഫയൽ പരിശോധിച്ചതിൽ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ 26.06.2015 ലെ PCB/KKD/DO/3722/2014 നമ്പർ ഉത്തരവുപ്രകാരവും മൈനിംഗ് & ജിയോളജി വകുപ്പിന്റെ 08.12.2014 ലെ 141/14-15/MM/GS/CRPS/DOZ/M-2021/14 നമ്പർ ഉത്തരവുപ്രകാരവും 07.12.2015 വരെയാണ് അനുമതിയുള്ളത്. ആയതിനാൽ മേൽ ക്വാറിയുടെ നിലവിലെ സ്ഥിതി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 191 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 58.93% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത് . ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 3.35 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 16433966 | 14359951 | 87.37 |
| 2 | പ്ലാൻ ഫണ്ട് SCP | 8840442 | 5422371 | 61.33 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7405146 | 7405146 | 100 |
| 4 | ലോകബാങ്ക് ധനസഹായം | 3936189 | 3916251 | 99.49 |

| | | | | |
|---|---|---|---|---|
| 5 | പ്ലാൻ ഫണ്ട് TSP | 297256 | 148000 | 49.78 |
| 6 | കേന്ദ്ര ധനസഹായം | 8353605 | 1280605 | 15.32 |
| 7 | സംസ്ഥാന ധനസഹായം | 462500 | 462500 | 100 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 4859364 | 4156279 | 85.53 |
| 9 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 6319077 | 5791491 | 91.65 |
| 10 | തനത് ഫണ്ട് | 5664994 | 3298846 | 58.23 |
| 11 | ബ്ലോക്ക് വിഹിതം | 50000 | - | 0 |
| 12 | ജില്ലാ പഞ്ചായത്ത് വിഹിതം | 50000 | - | 0 |
| 13 | മറ്റുള്ളവ | 18842060 | 1798883 | 9.5 |
| ആകെ | | 81514599 | 48040323 | 58.93 |

പ്ലാൻ ഫണ്ടിൽ നിന്നും(ജനറൽ) 87.37% ചെലവുണ്ടായിട്ടുണ്ടെങ്കിലും ,ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഇ.എം.എസ് ലോൺ തിരിച്ചടക്കാമെന്ന സർക്കാർ നിർദ്ദേശത്തെതുടർന്ന് ,വാർഷിക തിരിച്ചടവിനു പുറമെ 6.47 ലക്ഷം രൂപ കൂടി തിരിച്ചടച്ചതുമൂലമാണ് അത്രയും ചെലവു വന്നത്. ലോണിന്റെ പലിശ സർക്കാരാണ് വഹിക്കുന്നത് എന്നിരിക്കെ ഓഡിറ്റ് വർഷത്തിൽ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുക കാലാവധിക്ക് മുമ്പ് ലോൺ തിരിച്ചടവിന് വിനിയോഗിച്ചത് ശരിയായ സാമ്പത്തിക കാഴ്ചപ്പാടോടെയല്ല.

ക്രമനം 1മുതൽ 5 വരെയുള്ളവയുടെയും ക്രമ നം 8,9എന്നിവയുടെയും കാര്യത്തിൽ നീക്കിയിരിപ്പുതുക 15-16 വർഷാവസാനം ലാപ്സായിരിക്കുന്നതിനാലും ,നാളിതുവരെ മേൽ തുക സർക്കാർ തിരികെ നല്കിയിട്ടില്ലാത്തതിനാലും ഫലത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്.മേൽ കണക്കുകൾ പ്രകാരം 68.9ലക്ഷം രൂപയോളം ഇപ്രകാരം നഷ്ടമായിട്ടുണ്ട്.അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-2 ചെറുകിട വ്യവസായ മേഖലയിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്തില്ല

ഗ്രാമപഞ്ചായത്തിൽ രണ്ട് വി.ഇ.ഒ മാർ ചുമതലനിർവ്വഹിക്കുന്നുണ്ട്. എന്നാൽ ഇവർ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തേണ്ട ചെറുകിട വ്യവസായ മേഖലയിൽ ഓഡിറ്റ് വർഷത്തിൽ പദ്ധതികളൊന്നും തന്നെ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടില്ല. പിന്നോക്കാവസ്ഥയിലുള്ള പഞ്ചായത്തിൽ ഈ മേഖലയിൽ ഇടപെടലുകൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ് എന്നിരിക്കെയാണ് അപാകത. ഇവർ നിർവ്വഹണം നടത്തുന്ന ദാരിദ്ര്യനിർമ്മാർജ്ജനമേഖലയിലും പരിമിതമായ പദ്ധതിപ്രവർത്തനങ്ങൾ മാത്രമേയുള്ളൂവെന്ന കാര്യവും ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-3 ഭവനനിർമ്മാണം -ഗുണഭോക്തൃതെരഞ്ഞെടുപ്പ് അപാകതകൾ

തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ .ഓ ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ പദ്ധതി (വനിത) നടത്തിപ്പിന്റെ ഭാഗമായി 18 പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പദ്ധതിക്കായി ഒരു വാർഡിൽ നിന്ന് ഒരാൾ എന്ന രീതിയിൽ 19 പേരുടെ ഗുണഭോക്തൃലിസ്റ്റാണ് പഞ്ചായത്ത് തയ്യാറാക്കി

നൽകിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണ സമയത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ഗുണഭോക്തൃലിസ്റ്റിൽപ്പെട്ട 1, 9, 11, 14, 19 വാർഡുകളിൽ അർഹരായവർ ആരും തന്നെ ഇല്ലാത്തതിനാൽ മറ്റ് വാർഡുകളിൽ നിന്ന് അർഹരായവരെ കണ്ടെത്തിയാണ് തൻവർഷം ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളത്. പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നത് പഞ്ചായത്ത് തലത്തിലുള്ള ഗുണഭോക്തൃതെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലല്ലാതെ വാർഡ് തലത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തിയത് കാരണമാണ് അനർഹരായവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നതിനിടയാക്കിയത്. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുക വഴി കൂടുതൽ അർഹരായവർ ലിസ്റ്റിന് പുറത്താവുകയും അർഹത കുറഞ്ഞവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നതിനിടയാവുകയും ചെയ്തു. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ മറുപടി 1,9,11,14,19 വാർഡുകളിൽ നിന്നും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർ ആരും തന്നെ ഭവനനിർമ്മാണ ധനസഹായത്തിന് അർഹരായിരുന്നില്ലെന്നും ആയതിനാൽ മറ്റ് വാർഡുകളിൽനിന്ന് ആർഹരായവരെ ഗ്രാമസഭാലിസ്റ്റ് പരിശോധിച്ച് കണ്ടെത്തുകയായിരുന്നെന്നും തികച്ചും അർഹരായവരാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളതെന്നുമാണ്. ഇതിൽ നിന്നും പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതിക്കായി നടത്തിയ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് രീതിയിൽ അർഹരായവർ പുറംതള്ളപ്പെട്ടു എന്നും ഗുണഭോക്തൃ ലിസ്റ്റ് പിന്നീട് പരിഷ്കരിക്കേണ്ടി വന്നു എന്നും വ്യക്തമാവുന്നു. മേൽ അപാകതയ്ക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 3-4 <u>മെയിന്റനെൻസ് ഫണ്ട് നോൺ റോഡ് ഉപയോഗിച്ച് പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നു</u>

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | - | 9/16 |
| അടങ്കൽ | - | 782256/- |
| ചെലവ് | - | 782256/- |
| നിർവ്വഹണം | – | സെക്രട്ടറി |

പഞ്ചായത്തിൽ നിലവിലുള്ള 149 കുടിവെള്ള കണക്ഷനുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 65188/-രൂപ വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നതിനായാണ് തൻവർഷം മെയിന്റനെൻസ് ഫണ്ട് നോൺ റോഡിൽ നിന്നും തുക വകയിരുത്തി സെക്രട്ടറി പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്.ഫണ്ട് വിനിയോഗ മാർഗ്ഗരേഖ പ്രകാരം മെയിന്റനെൻസ് ഫണ്ട് നോൺറോഡ് വാട്ടർ അതോറിട്ടിയിൽ കുടിശ്ശികയായുള്ള വെള്ളക്കരം അടവാക്കുന്നതിന് വിനിയോഗിക്കാവുന്നതാണ് . എന്നാൽ പഞ്ചായത്തിന്റെ ദൈനംദിന ചെലവുകളിൽപ്പെടുന്ന പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് തനത്ഫണ്ടിൽ നിന്നാണ് തുക വിനിയോഗിക്കേണ്ടതെന്നിരിക്കെ മെയിന്റനെൻസ് ഫണ്ട് നോൺ റോഡ് വിനിയോഗിക്കുന്നത് ഫണ്ട് വിനിയോഗ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമാണ് . മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്. പഞ്ചായത്തിലെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതേറിറ്റിയുമായി ചേർന്ന് അവസാനമായി സംയുക്തപരിശോധന നടത്തിയത് 22-9-2011 ലാണ് അതിനുശേഷം സ്ഥാപിച്ച കുടിവെള്ള ടാപ്പുകളുടെ എണ്ണവും നിലവിലുള്ളവയിൽ പ്രവർത്തിക്കുന്നവ എത്ര എന്നതിന്റെ കൃത്യതയും ഉറപ്പ് വരുത്തേണ്ടതാണ്. 18-8-16 കത്തിൽ പഞ്ചായത്തിൽ നിലവിലുള്ള 149 എണ്ണം ടാപ്പുകളുടെ എണ്ണത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ ആയത് അറിയിക്കണമെന്ന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയതിൽ എത്രയും പെട്ടന്ന് പരിശോധന നടത്തി വാട്ടർ കണക്ഷനുകളിൽ ഉപയോഗക്ഷമമായവയുടെ എണ്ണം കണ്ടെത്തി വാട്ടർ അതോറിറ്റിയെ അറിയിച്ച് പ്രവർത്തിക്കുന്ന വാട്ടർകണക്ഷനുകൾക്കേ വെള്ളക്കരം അടവാക്കുന്നുള്ളു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 <u>റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്</u>

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്.എന്നാൽ ഓഡിറ്റ് വർഷത്തിൽ 20,21,33,50,83,86,87,179,44/15എന്നീ നമ്പരുകൾ പ്രകാരമുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ സോളിംഗ് വരെയും 44,46,64,114,196 എന്നിവയുടെ കാര്യത്തിൽ ഫില്ലിംഗ് മാത്രവുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു. മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും,ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-6 <u>അടിയന്തിര മരാമത്ത് പ്രവർത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല</u>

ഓഡിറ്റ് വർഷം അടിയന്തിര മരാമത്ത് പ്രവൃത്തികൾ എന്ന നിലയിൽ 10000/-രൂപയിൽ താഴെ പ്രവൃത്തി മൂല്യമുള്ള താഴെ പറയും പ്രകാരം പ്രവൃത്തികൾ തനത് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം/തീയ്യതി | തുക | പ്രവൃത്തിയുടെ പേര് |
|---|---|---|---|
| 1 | 21500125/18-5-15 | 9957 | ആയോളിതാഴെ കയിമ്പിൽപാലം പ്രവൃത്തി |
| 2 | 21500126/18-5-15 | 7984 | കിഴക്കേകര അംഗൻവാടി ഡ്രൈനേജ് |
| 3 | 21500243/3-7-15 | 9874 | ചാമക്കാലകോളനി റോഡിന്റെ സമീപം ഡ്രെയിനേജ് പ്രവൃത്തി. |
| 4 | 21500342/17-8-15 | 9989 | പന്തിരിക്കര അംഗൻവാടി മൂരിക്കുന്ന് റോഡ് |
| 5 | 21500343/17-8-15 | 9962 | പണ്ടാരപ്പുര അംഗൻവാടി കിണർ റിപ്പയർ |
| 6 | 21500558/13-10-15 | 9989 | കരുകുളത്തിൽതാഴെ കന്നാട്ടിപ്പള്ളി റോഡ് പരിഷ്കരണം. |
| 7 | 21500559/13-10-15 | 10000 | ചെറിയകമ്പളം തോട്ടത്താംകണ്ടി റോഡ് റിപ്പയർ |
| 8 | 21500636/21-11-15 | 9978 | പുന്നേന്റെ ചോട്ടിൽ മാരാങ്കണ്ടിതാഴെ റോഡ്. |
| 9 | 21500817/14-1-16 | 9933 | മുതുവണ്ണാച്ച എൽ.പി.സ്കൂൾ ടൈൽസ് പതിക്കൽ. |
| 10 | 21500960/22-2-16 | 10000 | നടുക്കണ്ടിതാഴെ കാപ്പ്മല ഫൂട്ട്പാത്ത്. |
| 11 | 21501059/21-3-16 | 10000 | പാറക്കടവ് അംഗൻവാടി വാട്ടർകണക്ഷൻ പ്രവൃത്തി. |
| 12 | 21501060/21-3-16 | 10000 | പനം കുളങ്ങര ഉമാമഹേശ്വരി ക്ഷേത്രം റോഡ് പ്രവൃത്തി. |

മേൽ പ്രവൃത്തികൾ ഒന്നും തന്നെ പഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 117666/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 റോഡുകൾ കോൺക്രീറ്റ് ചെയ്തത്- കോൺക്രീറ്റിന് അനാവശ്യമായ കനം നല്കി

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

2015-16 വർഷത്തിൽ നിർവ്വഹണം നടത്തിയ 27 പ്രൊജക്റ്റുകളുടെ കാര്യത്തിൽ റോഡ് നിർമ്മാണത്തിന്റെ/ പുനരുദ്ധാരണത്തിന്റെ ഭാഗമായി റോഡ് കോൺക്രീറ്റിൽ നിർമ്മിച്ചിട്ടുണ്ട്. താഴെ പറയുന്ന അപാകതകൾ ഇവയുടെ നിർവ്വഹണത്തിൽ സംഭവിച്ചു കാണുന്നു.

1) 47,34,30.74,160,113,32,75,61,55,40,65എന്നീ പ്രൊജക്ടുകളുടെ കാര്യത്തിൽ ഉയരത്തിലേക്ക് പോകുന്ന റോഡുകളിലാണ് ചെലവേറിയ കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തിയിരിക്കുന്നത്.ഇത്തരം റോഡുകളിൽ റോഡ് കോൺക്രീറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല. ചില റിപ്പോർട്ടുകളിൽ വെള്ളം കുത്തിയൊലിക്കുന്നതിലാണ് ഇപ്രകാരം ചെയ്യുന്നതെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ആവശ്യമായ ഡ്രെയിനേജ് നല്കാതെ കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തുന്നത് ശരിയല്ല.

2) മിക്ക പ്രൊജക്ടുകളുടെയും കാര്യത്തിൽ 1:4:8 അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് PCC യും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച്ന കോൺക്രീറ്റും ചെയ്തിട്ടുണ്ട്. (ഉദാ:162,34,30,160) റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നകാര്യത്തിൽ 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4 അനുപാതത്തിലുള്ളത് 7cm കനത്തിലും മതിയെന്നിരിക്കെ, (ചീഫ്എഞ്ചിനീയറുടെ 18.9.15 ലെഡി.ബി4/9099/2015/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്ത് പ്രകാരം ഇതിൽ പിന്നീട് വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്) ഈ രണ്ട് ഇനങ്ങളും 10cm കനത്തിലാണ് മേൽ പ്രൊജക്ടുകളുടെ കാര്യത്തിൽ ചെയ്തിരിക്കുന്നത്. ഇപ്രകാരം ചെയ്യേണ്ടതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമില്ല. ഇക്കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ് .

3. ഓഡിറ്റ് വർഷം വിഭാവനം ചെയ്ത 74 റോഡ് പ്രവൃത്തികളിൽ 27 എണ്ണത്തിന്റെ കാര്യത്തിൽ ചെലവേറിയ കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തിയിട്ടുണ്ട്. വളരെ അത്യാവശ്യമായ ഘട്ടങ്ങളിൽ മാത്രം ഉപയോഗപ്പെടുത്തേണ്ട ഇനം യാതൊരു മാനദണ്ഡവുമില്ലാതെ ഉപയോഗിച്ച് പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് വരുത്തിയതിന് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## **3-8** റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചത്- ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ 16 പ്രൊജക്ടുകളുടെ കാര്യത്തിൽ റോഡിന്റെ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനായി 15 സെ.മി. വരെയുള്ള വിവിധ കനങ്ങളിൽ ക്വാറി മക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ഏകദേശം 10 ലക്ഷം രൂപ മേൽ പ്രവൃത്തികളുടെ കാര്യത്തിൽ ക്വാറി മക്ക് ഫില്ലിംഗിനായി വിനിയോഗിച്ചിട്ടുമുണ്ട്. റോഡ് പ്രവൃത്തികളിൽ ക്വാറിമക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് 26.9.16 ന് 718974/estt.D4/16/Fin നമ്പർ കത്തു പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്) കേരള സംസ്ഥാന ഓഡിറ്റ് വകപ്പ് ഡയറക്ടർക്ക് നല്കിയ സ്പഷ്ടീകരണത്തിൽ നിലവിലുള്ള മണ്ണിനെ സ്റ്റബിലൈസ് ചെയ്യാനും, സബ് ഗ്രേഡിന്റെ CBR വാല്യു മെച്ചപ്പെടുത്താനും ക്വാറിമക്ക് ഉപയോഗപ്പെടുത്താമെന്നും, എന്നാൽ സബ് ബേസിന്റെ CBR വാല്യു മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും ,ക്വാറി മക്ക് ഉപയോഗിച്ചാൽ റോഡ് പ്രവൃത്തിയുടെ ആകെ ചെലവിൽ കുറവുണ്ടാകുമെന്നും തെളിയിക്കുന്ന ഡാറ്റാ ക്വാറിമക്ക് ഉപയോഗിക്കാനുള്ള ഏതൊരു പ്രൊപ്പോസലിനും സപ്പോർട്ടിംഗ് ഡോക്യുമെന്റായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ഇത്തരം യാതൊരു ഡാറ്റായും ഇല്ലാതെയും ക്വാറിമക്ക് ഉപയോഗിക്കേണ്ടി വരുന്നതിന്റെ ആവശ്യകത വ്യക്തമാക്കാതെയുമാണ് ക്വാറിമക്ക് ഉപയോഗിച്ചിരിക്കുന്നത്. പഞ്ചായത്ത് ഫണ്ടിൽ നിന്നും അനാവശ്യ ചെലവുവരുമെന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-9** പുല്ലാഞ്ഞിക്കാവ് മുക്ക് അരീക്കൽ ചാൽ റോഡ്- അധിക തുക നല്കി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് : `162/16

എസ്റ്റിമേറ്റ് തുക : 500000/-

ആകെ മൂല്യം : 419562/-(16% കുറവിൽ)

അവസാനബിൽ തുക: 419562/- രൂപ ബിൽ നം. 62/19.1.16

കരാറുകാരൻ : അബ്ദുൾ കരീം

അളവു പുസ്തകം – 19/15-16

പ്രവൃത്തിയുടെ ചെലവു വഹിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. പ്രവൃത്തിയുടെ ഇനം 5 ആയി 337.31 m3 മണ്ണ് നിറച്ചതിന് 416.5 രൂപ/m3 നിരക്കിൽ 140490/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഇനം 1 ആയി ചെയ്ത 16.29 m3 മണ്ണ് കുഴിച്ചെടുത്തത് കുറവു വരുത്താതെയാണ് തുക നല്കിയിരിക്കുന്നത്. ഇനം 5 ആയി ചെയ്ത പ്രവൃത്തി 340.33m3 ഉള്ളത് 337.31 ആയി ലിമിറ്റ് ചെയ്താണ് തുകനല്കിയത് എന്നതിനാൽ വ്യത്യാസമുള്ള 3.02m3 മണ്ണ് കഴിച്ച് 13.27m3 മണ്ണിന്റെ വില 4643/- രൂപ(16% ടെണ്ടർ കുറവ് കഴിച്ച്) കരാറുകാരന് അധികം നല്കിയിട്ടുണ്ട്.

2. കരാറുകാരൻ തൻവർഷം വാറ്റ് കോമ്പൌണ്ട് ചെയ്യതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.എന്നാൽ കോമ്പൗണ്ട് ചെയ്തു എന്ന രീതിയിൽ 4% ന്ന് കാണിച്ച് 11782/- രൂപയാണ് അവസാന ബില്ലിൽ നിന്നും നികുതി ഈടാക്കിയിരിക്കുന്നത്. മേൽ നിരക്കിലാണെങ്കിൽ പോലും 16782/- രൂപ ഈടാക്കേണ്ടതായിരുന്നു.കോമ്പൌണ്ട് സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 9196/-രൂപ (20978-11782)കരാറുകാരന് അധികം നല്കുകയും അത്രയും തുക സർക്കാരിന് നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം നല്കിയിട്ടില്ല. മണ്ണിന്റെ വിലയിനത്തിൽ അധികം നല്കിയ 4643/-രൂപയും നികുതിയിനത്തിൽ ഈടാക്കേണ്ട 9196/- രൂപയും ഈടാക്കി യഥാക്രമം പഞ്ചായത്ത് ഫണ്ടിലും സർക്കാരിലും ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 ജൈവ പച്ചക്കറി വികസനം -വളം,വിത്ത് വിതരണം അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട്നം | - | 105/16 |
| നിർവ്വഹണം | – | കൃഷി ഓഫീസർ |
| അടങ്കൽ | – | 200335/-(162400/- വികസനഫണ്ട്, 37935/- ഗുണഭോക്തൃവിഹിതം) |
| ചെലവ് | – | 200335/- |

ഗുണമേന്മയുള്ള പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം വെച്ച് കർഷകർക്ക് പച്ചക്കറിവിത്ത് വിതരണം , ജൈവവളം വിതരണം എന്നിവയ്ക്കാണ് പ്രോജക്ട് രൂപീകരിച്ചത്.പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി വി.എഫ്.പി.സി.കെ യിൽ നിന്നും ബിൽ നം 15-16/3618 തീയ്യതി 28-12-15 ആയി 100 രൂപ വീതം വിലയുള്ള വിവിധ പച്ചക്കറി വിത്തുകളടങ്ങിയ 500 പായ്ക്കറ്റ് വിത്തുകൾ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ വാങ്ങിക്കുകയും 218 പേർക്ക് 2 പായ്ക്കറ്റ് വിത്ത് വീതവും, 64 പേർക്ക് 1 പായ്ക്കറ്റ് വീതം വിത്ത് വീതവും വിതരണം നടത്തിയിട്ടുമുണ്ട്. കൂടാതെ പ്രോജക്ടിന്റെ ഭാഗമായി പെർമിറ്റ് പ്രകാരം അനുവദിച്ച 535/- രൂപയുടെ ജൈവവളം വാങ്ങിയതിന് സബ്സിഡിയായി 281 പേർക്ക് 400/- രൂപ വീതം സബ്സിഡി തുകയായി ചങ്ങരോത്ത് സർവ്വീസ് സഹകരണ ബാങ്കിന് നൽകുകയും ചെയ്തിട്ടുണ്ട് . പെർമിറ്റ് വിതരണ രജിസ്റ്ററിൽ 281 ഗുണഭോക്താക്കളും കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിലല്ല കൃഷിക്കാർക്ക് വിത്തും , വളവും വിതരണം ചെയ്തതെന്നും കാണുന്നു.പദ്ധതിക്കായി യഥാർത്ഥത്തിൽ 281 പായ്ക്കറ്റ് വിത്തുകളേ ആവശ്യമുണ്ടായിരുന്നുവെന്നും ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കാതെ 500 പായ്ക്കറ്റ് വിത്തുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ മുൻകൂറായി വാങ്ങുക വഴി ആവശ്യമില്ലാതെ 100 രൂപ വീതം വിലവരുന്ന 219 പായ്ക്കറ്റ് വിത്തുകൾ അധികം വാങ്ങുകയും വിതരണം ചെയ്യുകയുമായിരുന്നുവെന്നും ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-11 ജീവനക്കാർ യാത്രാഡയറി സമർപ്പിക്കുന്നില്ല

ഓഡിറ്റ് വർഷം സെക്രട്ടറി,മറ്റ് ജീവനക്കാർ എന്നിവർ നടത്തിയ ഔദ്യോഗികയാത്രകൾക്ക് താഴെ പറയും പ്രകാരം യാത്രാപ്പടി നൽകിയിട്ടുണ്ട്.

| വൗച്ചർ നം | തുക | വിശദാംശങ്ങൾ |
|---|---|---|
| 21501130/23-3-16 | 11867 | സെക്രട്ടറിയുടെ മാർച്ച് 2014 മുതൽ ഡിസംമ്പർ2014 വരെയുള്ള യാത്രാബത്ത |
| 21501131/23-3-16 | 25356 | ജീവനക്കാരുടെ 2014 ഏപ്രിൽ മുതൽ 2015 മാർച്ച് വരെയുള്ള യാത്രാബത്ത |
| 21501132/23-3-16 | 4650 | ദിവസ വേതന ജീവനക്കാർക്കുള്ള യാത്രാബത്ത |

ഒരു ഉദ്യോഗസ്ഥൻ നടത്തുന്ന ഔദ്യോഗികയാത്രകൾക്ക് യാത്ര നടത്തിയതിന്റെ തൊട്ടടുത്ത മാസം മുതൽ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതും യാത്രാ ബത്തയ്ക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം യാത്രാബത്ത ക്ലെയിം സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത ക്ലെയിം പ്രകാരമാണ് ജീവനക്കാരുടെ യാത്രാബത്ത കണക്കാക്കേണ്ടത് . ഓഡിറ്റ് വർഷം സെക്രട്ടറിയും ജീവനക്കാരും യാത്രാബത്ത അനുവദിച്ചിരിക്കുന്നത് ക്ലെയിം (യാത്രാഡയറി) സമർപ്പിക്കാതെയാണ്. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-12 ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി പ്രകാരം ഭവനിർമ്മാണത്തിന് ധനസഹായം നൽകിയവർ നാളിതുവരെയായും ഭവനനിർമ്മാണം പൂർത്തിയായില്ല.

ഇ.എം എസ് ഭവനപദ്ധതി രജിസ്റ്റർ പ്രകാരം 2009-10 വർഷം മുതൽ നാളിതുവരെയായി 393 ഗുണഭോക്താക്കൾക്ക് ഇ.എം എസ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് 75000/-രൂപ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. ഇവരിൽ വിവിധ ഗഡുക്കളായി സഹായം കൈപ്പറ്റിയ 59 പേർ നാളിതുവരെയായും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇവരിൽ 6പേർ ഒന്നാംഗഡുമാത്രം കൈപ്പറ്റിയവരും 15 പേർ രണ്ടാംഗഡു ധനസഹായം കൈപ്പററിയവരും,37പേർ മൂന്നാം ഗഡു കൈപ്പറ്റിയവരുമാണ്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പററിയ തുക |
|---|---|---|
| 1 | നബീസ ചാലക്കര | 22500 |
| 2 | തമ്പാൻ ഊരാളിചാലിൽ മീത്തൽ | 22500 |
| 3 | മാധവി അമ്മ ഒന്തത്ത്താമസിക്കും കിഴക്കയിൽ | 22500 |
| 4 | കുഞ്ഞിരാമൻ ടി കണ്ണൻ ചർത്തിപ്പാറ | 22500 |
| 5 | കദീശ കുന്നമ്മൽമീത്തൽ | 22500 |
| 6 | മൊയ്തീൻ കുഴിചാലിൽ | 22500 |
| 7 | മാണിക്യം കുഞ്ഞിപ്പറമ്പിൽ | 52500 |
| 8 | ശേഖരൻനായർ നീട്ടുപാറ | 52500 |
| 9 | ശ്രീധരൻ കാവുള്ളചാലിൽ | 52500 |
| 10 | നാണിയമ്മ ആനോറേമ്മൽ | 52500 |
| 11 | ഇസ്മയിൽ പുത്തലത്ത് | 52500 |
| 12 | സുധ w/o സുരേഷ്ബാബു മരത്തേന | 52500 |
| 13 | കല്യാണി വലിയപറമ്പിൽ മീത്തൽ | 52500 |
| 14 | ലക്ഷ്മി ചരിത്രംകണ്ടി | 52500 |
| 15 | തോമസ് മാത്യൂ എളപ്പുങ്കൽ | 52500 |

| | | |
|---|---|---|
| 16 | ശാന്ത.സി.കുഞ്ഞിരാമൻ | 52500 |
| 17 | മുനീർ കുരുടിപ്പുറത്ത് | 52500 |
| 18 | ജനാർദ്ധനൻ കുനിയിൽ | 52500 |
| 19 | ജയാനന്ദൻ നടുക്കണ്ടി | 52500 |
| 20 | അജേഷ് പാറേമ്മൽ | 52500 |
| 21 | ബാലകൃഷ്ണൻ തറവട്ടത്ത് | 52500 |
| 22 | സുനിൽ മൊടപ്പിലോട്ട് | 52500 |
| 23 | തോമസ് പുതുപ്പറമ്പിൽ | 67500 |
| 24 | മുകുന്ദൻ കാപ്പുമ്മൽ | 67500` |
| 25 | കദീശ W/O അബ്ദുള്ള പള്ളിയറചാലിൽ | 67500 |
| 26 | രവി W/O കുഞ്ഞിക്കണ്ണൻ മാണിക്കോത്ത്ചാലിൽ | 67500 |
| 27 | സുനിൽ.ടി.ബാലൻ നായർ, മൊടപ്പിലോട്ട് | 67500 |
| 28 | കണാരൻ ഒറ്റക്കണ്ടത്തിൽ മീത്തൽ | 67500 |
| 29 | പത്മിനി കോവുപ്പുറത്ത് | 67500 |
| 30 | പത്മനാഭൻ കൃഷ്ണൻനായർ നടുവിലക്കണ്ടി | 67500 |
| 31 | മാത W/O ചങ്ങരൻ തറവട്ടത്ത് | 67500 |
| 32 | ചിരുതൈ അമ്മ കൈതക്കണ്ടി | 67500 |
| 33 | സുരേഷ് ബാബു S/O കരുണാകരൻ നായർ | 67500 |
| 34 | പത്മനാഭൻ നായർ എടത്തും കുന്നമ്മൽ | 67500 |

| | | |
|---|---|---|
| 35 | സരള S/O ചന്തുനായർ | 67500 |
| 36 | രമേശൻ കുനം പൊയിൽ | 67500 |
| 37 | ശങ്കരൻ ടി.കണ്ണൻ തെക്കേചാലിൽ | 67500 |
| 38 | ഗീത രവീന്ദ്രൻ കുഞ്ഞിപ്പുരയിൽ | 67500 |
| 39 | സത്യൻ ടി.രൈരു പിലാവുള്ളപറമ്പിൽ | 67500 |
| 40 | ശാന്തബാബു മാവിലാപൊയിൽ | 67500 |
| 41 | രാധാകൃഷ്ണൻ കിഴക്കയിൽ | 67500 |
| 42 | സുരേന്ദ്രൻ വടക്കേചേടിക്കാവിൽ | 67500 |
| 43 | ശ്രീധരൻ വലിയപറമ്പിൽ | 67500 |
| 44 | പ്രകാശൻ ഇടിവെട്ടിയിൽ | 67500 |
| 45 | ജാനഅമ്മ തിരുമംഗലത്ത് | 67500 |
| 46 | ശാന്ത തറവട്ടത്ത് | 67500 |
| 47 | കുമാരൻ നാറാണത്ത്മീത്തൽ | 67500 |
| 48 | ബിന്ദു നാറാണത്ത്മീത്തൽ | 67500 |
| 49 | ചാത്തൻ കുളികെട്ടുംപാറ | 67500 |
| 50 | നാണു ചെറുകുന്നുമ്മൽ | 67500 |
| 51 | ജാനു നടുച്ചാലിൽമീത്തൽ | 67500 |
| 52 | സാജിത്ത് എടക്കോട്ടുമ്മൽ | 67500 |

| | | |
|---|---|---|
| 53 | മൈമൂനത്ത് കട്ടൻകോട്ടുമ്മൽ | 67500 |
| 54 | മൊയ്തീൻ ചാമക്കാലയിൽ | 67500 |
| 55 | സുജാത ചാലിൽമീത്തൽ | 67500 |
| 56 | രാജൻ കുന്നത്ത് | 67500 |
| 57 | ദാക്ഷായണി അമ്മ വടക്കേപറമ്പത്ത് | 67500 |
| 58 | ശശിധരൻ രയരോത്തുമ്മൽ | 67500 |
| 59 | ഷൈജ എരംതോട്ടത്തിൽ | 67500 |

ഭവന നിർമ്മാണത്തിന് കരാർവച്ച് ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞും ഗുണഭോക്താക്കളുടെ ഭവനിർമ്മാണം പൂർത്തിയാക്കാത്തതിന് വിശദീകരണം നൽകേണ്ടതും മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 3-13 രാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്

നിർവ്വഹണം : അസി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ബിൽ തുക നല്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ,ബിൽ തുക നല്കുമ്പോൾ 4% നിരക്കിലാണ് നികുതി ഇടാക്കിയത്.ഇത് കോമ്പൌണ്ട് ചെയ്ത നിരക്കായതിനാൽ നികുതി കോമ്പൌണ്ട് ചെയ്യതിന് വില്പന നികുതി വകുപ്പിൽനിന്നുള്ള സാക്ഷ്യപത്രം കരാറുകാർ സമർപ്പിക്കേണ്ടതായിരുന്നു .എന്നാൽ സാക്ഷ്യപത്രം ആവശ്യപ്പെടാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത് .സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% നിരക്കിലുമാണ് നികുതി ഈടാക്കേണ്ടിയിരുന്നത്.വാറ്റ് ഈടാക്കിയതിൽ കുറവ് വന്നതിനാൽ 151408/-രൂപയുടെ നഷ്ടം സർക്കാരിന് സംഭവിച്ചിട്ടുണ്ട്.ഇക്കാര്യത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്ട് നം | കരാറുകാരൻ | 2015-16 ലെപ്രവൃത്തിമൂല്യം(ചെലവുപത്രിക പ്രകാരം) | 1% നിരക്കിൽ കുറവുവന്ന തുക |
|---|---|---|---|---|
| 1 | 16 | സൂരജ് | 500000 | 5000 |
| 2 | 17 | ഗഫൂർ | 491804 | 4918 |
| 3 | 20 | സൂരജ് | 432443 | 4324 |
| 4 | 21 | ഒ.എം സ്വരാജ് | 430000 | 4300 |
| 5 | 27 | സൂരജ് | 445500 | 4455 |
| 6 | 28 | ഒ.എം സ്വരാജ് | 500000 | 5000 |
| 7 | 29 | കെ അബ്ദുറഹിമാൻ | 370000 | 3700 |
| 8 | 50 | പി കെ സാജു | 254970 | 2550 |

| | | | | |
|---|---|---|---|---|
| 9 | 57 | മഹേശ്വര കൺസ്ട്രക്ഷൻസ് | 130500 | 1305 |
| 10 | 63 | കെ രവീന്ദ്രൻ | 182656 | 1827 |
| 11 | 68 | വി.സി എൽദോ | 407682 | 4077 |
| 12 | 69 | പി.പി അബ്ദുൾ കരീം | 400000 | 4000 |
| 13 | 72 | പി ഹരിദാസ് | 200000 | 2000 |
| 14 | 79 | കെ അബ്ദുറഹിമാൻ | 817494 | 8175 |
| 15 | 81 | കെ അബ്ദുറഹിമാൻ | 100000 | 1000 |
| 16 | 82 | പി സൂപ്പി | 1176000 | 11760 |
| 17 | 85 | വി.സി എൽദോ | 417979 | 4180 |
| 18 | 86 | പി സൂപ്പി | 200000 | 2000 |
| 19 | 87 | മഹേശ്വര കൺസ്ട്രക്ഷൻസ് | 197777 | 1978 |
| 20 | 89 | പി കുഞ്ഞിമൊയ്തീൻ | 312722 | 3127 |
| 21 | 90 | പി സൂപ്പി | 300000 | 3000 |
| 22 | 99 | വി കെ അശോകൻ | 283691 | 2837 |
| 23 | 124 | കെ അബ്ദുറഹിമാൻ | 179986 | 1800 |
| 24 | 126 | കെ അബ്ദുറഹിമാൻ | 119508 | 1195 |
| 25 | 128 | പി.ഗഫൂർ | 74629 | 746 |
| 26 | 129 | ബേബി തോമസ് | 131901 | 1319 |
| 27 | 131 | സൂരജ് .സി | 411904 | 4119 |
| 28 | 132 | കെ അബ്ദുറഹിമാൻ | 188703 | 1887 |
| 29 | 133 | ബേബി തോമസ് | 190662 | 1907 |
| 30 | 134 | എൻ.പി.കണാരൻ | 410556 | 4106 |
| 31 | 135 | കെ അബ്ദുറഹിമാൻ | 247725 | 2477 |
| 32 | 137 | സൂരജ് .സി | 379052 | 3790 |
| 33 | 141 | പി സൂപ്പി | 363670 | 3637 |
| 34 | 149 | സൂരജ് .സി | 354190 | 3542 |
| 35 | 150 | എൻ.രാജൻ | 399709 | 3997 |
| 36 | 152 | കെ അബ്ദുറഹിമാൻ | 98944 | 989 |
| 37 | 153 | പി സൂപ്പി | 699964 | 7700 |
| 38 | 155 | ബേബി തോമസ് | 310631 | 3106 |
| 39 | 156 | പി | 354521 | 3545 |

| | | | | |
|---|---|---|---|---|
| | | കുഞ്ഞിമൊയ്തീൻ | | |
| 40 | 157 | കെ അബ്ദുറഹിമാൻ | 141000 | 1410 |
| 41 | 160 | എൻ രാജൻ | 176600 | 1766 |
| 42 | 162 | പി.പി.അബ്ദുൾ കരീം | 419562 | 4196 |
| 43 | 179 | പികെ സാജു | 245970 | 2460 |
| 44 | 180 | കെ അബ്ദുറഹിമാൻ | 620112 | 6201 |
| ആകെ | | | | 151408/- |

## ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21500987<br>29.02.2016 | 44,000/- | ലഭ്യമല്ല | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇഎംഎസ് ഭവന വായ്പ | GO.322/2010/LSGD 29.01.2010 | - | 5160512 | 2160512 | | 30,00000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000/- |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇഎംഎസ് മെമോറിയൽ കോ.ഓപ്പ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ Ltd No. D2708 പേരാമ്പ്ര, ഷെയർ സർട്ടിഫിക്കറ്റ് നമ്പർ : 1426 , 26.08.2004 | 10,000/- |
| ആകെ | 10,000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9309/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-02 | | 9309 | ശ്രീ പി എം ഗോപാലൻ, (യുഡിസി റിട്ടയേഡ്) | 11504101193 28.07.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 43 | 2003-04 | പൊതുപരാമർശം | മൺപാത്ര നിർമ്മാണം തുടങ്ങിയതിന് |

| | | | | |
|---|---|---|---|---|
| | | | | രേഖകളില്ല. |
| 1998-99 | 44 | -do- | -ടി- | പായ,കൊട്ട, മുറം നിർമ്മാണ യൂനിറ്റ് ഉടങ്ങിയതിന് രേഖകളില്ല. |
| 2000-01 | | 2004-05 | -ടി- | നികുതി പിരിവിൽ അലംഭാവം |
| 2001-02 | 2(1) a,b 2(2),2(3),2(4), 2(5), 2(12) | 2006-07 | -ടി- | മണൽ വില്പന റിവർ മാനേജ്മെന്റ് ഫണ്ട് അടവാക്കുന്നില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 44722160 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59427535 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 260 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13839 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 117666 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 260 | | സെക്രട്ടറി. |
| 3-9 | | 4643 | എ.ഇ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 117666 | അനീഷ് അരവിന്ദ് സെക്രട്ടറി, |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-ഖണ്ഡിക 3-9 പ്രകാരം നികുതിയിനത്തിൽ 9196/- രൂപ,
2-ഖണ്ഡിക 3-13 പ്രകാരം വാറ്റ് ഈടാക്കിയതിൽ കുറവ് വന്ന 151408/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സൗദ.കെ.സി | അസിസ്റ്റന്റ് എൻജിനീയർ ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്. | തളിയോത്ത് മേഞ്ഞാണ്യം .പി.ഒ പേരാമ്പ്ര |
| ശ്രീ.അനീഷ് അരവിന്ദ്, | സെക്രട്ടറി, ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്. | ശ്രീഹരി, ചേനോളി റോഡ്, പേരാമ്പ്ര-673525 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94,94-95 | എൽ.എഫ്.കെകെഡി(പി4)40(8)/10 തി.18.6.12 | 1 |
| 1995-96 | എൽ.എഫ്.കെകെഡി(പി4)40(9)/10 തി.18.6.12 | 1 |
| 1996-97 | എൽ.എഫ്.കെകെഡി(പി4)40(10)/10 തി.18.6.12 | 4 |
| 1997-98 | എൽ.എഫ്.കെകെഡി(പി4)951/99 തി.18.6.12 | 1 |
| 1998-99 | എൽ.എഫ്.കെകെഡി(പി4)2081/14(1) തി.10.2.14 | 11 |
| 1999-00 | എൽ.എഫ്.കെകെഡി(പി4)2081/14(2) തി.10.2.14 | 5 |
| 2000-01വരവ് | എൽ.എഫ്.കെകെഡി(പി4)2081/14(3) തി.10.2.14 | 4 |
| 2001-02 plan | എൽ.എഫ്.കെകെഡി(എസ്1)832/08 തി.9.12.09 | 3 |
| 2002-03 | എൽ.എഫ്.കെകെഡി(എസ്1)1338/07 തി.4.6.08 | 16 |
| 2003-04 | എൽ.എഫ്.കെകെഡി(എസ്1)53/08 തി.9.9.08 | 27 |
| 2004-05 | എൽ.എഫ്.കെകെഡി(പി4)753/09 തി.9.7.09 | 10 |
| 2005-06 | എൽ.എഫ്.കെകെഡി(പി4)837/09 തി.4.8.09 | 16 |
| 2006-07 | എൽ.എഫ്.കെകെഡി(പി4)1957/11 തി.20.1.12 | 39 |
| 2007-08 | എൽ.എഫ്.കെകെഡി(പി4)1158/11തി.3.2.12 | 26 |
| 2008-09 | എൽ.എഫ്.കെകെഡി(പി4)1935/13 തി.28.1.13 | 21 |
| 2009-10 | എൽ.എഫ്.കെകെഡി(പി4)1940/13 തി.28.1.13 | 22 |
| 2010-11, 11-12 | എൽ.എഫ്.കെകെഡി(പി4)1433/13 തി.5.3.2014 | 22 |

| | | |
|---|---|---|
| 2012-13 | എൽ.എഫ്.കെകെഡി(പി4)1246/14 തി.30.8.2014 | 27 |
| 2013-14,2014-15 | | |

അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി 4/2304/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 12-01-2017.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൻെറ 2015–16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P 4/2304/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date: 12-01-2017.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Changaroth Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Changaroth Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department,

District Audit Office, Kozhikode.